## പതിമൂന്നാം കേരളനിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.618** | **29/06/2015-ൽ മറുപടിക്ക്**

## സ്മാർട്ട് സിറ്റി പദ്ധതി

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

**മറുപടി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സ്മാർട്ട് സിറ്റി പദ്ധതി പ്രകാരം മൊത്തം എത്ര ലക്ഷം സ്ക്വയർ ഫീറ്റിന്റെ ഐ.ടി അധിഷ്ഠിത കെട്ടിടമാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്നും ഇതിനകം എത്ര സ്ക്വയർ മീറ്റർ നിർമ്മാണം പൂർത്തിയാക്കിയെന്നും വിശദീകരിക്കുമോ; | (എ) | സ്മാർട്ട് സിറ്റി പദ്ധതി പ്രകാരം മൊത്തം 63 ലക്ഷം ച. അടി. ഐ.ടി അധിഷ്ഠിത കെട്ടിടമാണ് വിഭാവനം ചെയ്തിട്ടുള്ളത്. 6.48 ലക്ഷം ച. അടി. കെട്ടിടത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. |
| (ബി) | ഇതിനകം പൂർത്തിയായ കെട്ടിടത്തിലേക്ക് എത്ര ഐ.ടി. കമ്പനികളുമായി സ്മാർട്ട് സിറ്റി കരാറിൽ ഏർപ്പെടുകയുണ്ടായിട്ടുണ്ട് എന്നും കരാറിൽ ഏർപ്പെട്ട കമ്പനികൾ ഏതൊക്കെ എന്നും എത്ര സ്ക്വയർ മീറ്റർ ഐ.ടി. സ്പെയിസാണ് കമ്പനികൾ ഓരോന്നും എടുത്തിരിക്കുന്നത് എന്നും അവ എപ്പോൾ പ്രവർത്തനം ആരംഭിക്കും എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ; | (ബി) | ഐ.ടി. കമ്പനികളുമായുള്ള കരാർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | സ്മാർട്ട് സിറ്റിക്കുവേണ്ടി സർക്കാർ ഏർപ്പെട്ട കരാറിലെ വ്യവസ്ഥകൾ പ്രകാരം ഏത് തീയതിക്കകം മൊത്തം ഐ.ടി കെട്ടിടങ്ങളും നിർമ്മിക്കേണ്ടതായിട്ടുണ്ട് എന്നും ഏത് തീയതിക്കകം മൊത്തം എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കുമെന്നായിരുന്നു പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത് എന്നും വിശദമാക്കുമോ? | (സി) | കരാർ പ്രകാരം ക്ലോസിംഗ് തീയതി മുതൽ 10 വർഷത്തി നകം 8.8 മില്യൺ ച. അടി. നിർമ്മാണ വിസ്തൃതിയോടു കൂടിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതും 90,000 തൊഴിലവസരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ